# സാമുദായിക കാര്യങ്ങൾ

സഞ്ജയൻ



സാമുദായിക കാര്യങ്ങൾ
സഞ്ജയൻ
(മലയാളം: ലേഖനം)

© 2022, Sanjayan.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Caricatura de Ramón Subercaseaux, a painting by Lustig - Seudónimo de Pedro Subercaseaux. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സാമുദായിക കാര്യങ്ങൾ

സഞ്ജയന്റെ ബഹുമാനാദരങ്ങൾക്കു പാത്രമായ ഒരു മഹാശയൻ സഞ്ജയനു പത്രികയാപ്പീസിലൂടെ അയച്ച ഒരെഴുത്തു കിട്ടിയിരിക്കുന്നു. സഞ്ജയൻ പത്രികയിൽ എഴുതിവരുന്ന കുറിപ്പുകളെക്കുറിച്ച് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ള അഭിനന്ദനത്തെ അവ അർഹിക്കുന്നില്ലെന്നു സഞ്ജയനു നല്ലപോലെ അറിയാമെങ്കിലും, അതിനെ ഒരു പ്രോത്സാഹനമായും അനുഗ്രഹമായും സഞ്ജയൻ സ്വീകരിക്കുന്നു. പക്ഷേ, സാമുദായികകാര്യങ്ങളെക്കുറിച്ചും, ചില്ലറ ഉദ്യോഗസ്ഥന്മാർ നാട്ടുകാരുടെ നേരെ കാണിക്കുന്ന അഴിമതികളെക്കുറിച്ചും സഞ്ജയൻ യാതൊന്നും എഴുതുന്നില്ലെന്ന് അദ്ദേഹം പറയുന്നതിനെപ്പറ്റി രണ്ടു വാക്ക് ഇവിടെ പറഞ്ഞു കൊള്ളട്ടെ?

പറയുന്നതിനിടയ്ക്കു, 'രണ്ടു വാക്ക്' എന്നു പറഞ്ഞത് ലോകാചാരത്തിനു വഴിപ്പെട്ടിട്ടാണേ! വാസ്തവത്തിൽ 'രണ്ടു വാക്ക്' പറയാൻ സമ്മതം ചോദിക്കുന്ന മഹാരഥന്മാർ രണ്ടായിരം വാക്കുകൊണ്ടുകൂടി കാര്യം അവസാനിപ്പിക്കുന്നവരല്ല. അതു പോകട്ടെ, തിരുമേനി! സഞ്ജയൻ ഒരു കാര്യം നല്ലപോലെ പഠിച്ചിട്ടുണ്ട്. അത് മറ്റെന്തു വിഡ്ഢിത്തം ചെയ്താലും, കേരളഭൂമിയിൽവെച്ച് സാമുദായികകാര്യങ്ങളെക്കുറിച്ച് പറവാൻ വിചാരിക്കുന്ന മനുഷ്യൻ രാത്രി ഒറ്റയ്ക്കു നടക്കാൻ ഒരുങ്ങരുതെന്നുള്ളതാണ്. 'സഞ്ജയൻ ആരായിരുന്നാലും ശരി... അദ്ദേഹം അവർണ്ണസമുദായക്കാർ കവിതയെഴുതി, നന്നായിപ്പോകുന്നതിൽ അത്യധികം അസൂയയുള്ള ഒരു വ്യക്തിയാണെന്ന് പണ്ടൊരു മഹാനിഷ്പക്ഷപാതി പറഞ്ഞത് അവിടുന്നു കണ്ടിരുന്നുവോ? അങ്ങനെ ഒരാൾ പറഞ്ഞു. ഭഗവാനാണേ പറഞ്ഞു. ആ സ്ഥിതിക്ക് ഏതു സമുദായത്തെക്കുറിച്ചെങ്കിലും, എത്ര സ്നേഹത്തോടുകൂടിയെങ്കിലും സഞ്ജയൻ എന്തെങ്കിലും പറഞ്ഞാൽ ആ സമുദായത്തിൽപ്പെട്ടവരും, ഒരു കക്ഷിക്കാരെ സപ്പോർട്ടുചെയ്താൽ മറ്റു കക്ഷിക്കാരും പറയുന്നത് എന്തൊക്കെയായിരിക്കും! 'ഭയങ്കരം!'

അതുകൊണ്ടാണ് സഞ്ജയൻ ഒരു സമുദായത്തിലേയും കക്ഷിവഴക്കിനെപ്പറ്റിയും, ഭിന്നസമുദായങ്ങൾ തമ്മിലുള്ള വഴക്കുകളെപ്പറ്റിയും, ഗുണം വാ ദോഷം വാ മറ്റെന്തെങ്കിലും വാ, ഒരക്ഷരം മിണ്ടാത്തത്. സഞ്ജയൻ കാര്യമറിയാഞ്ഞിട്ടല്ല; ന്യായം തോന്നാഞ്ഞിട്ടല്ല, വാക്കിനുവാക്കു പറയുവാൻ കഴികയില്ലെന്നു പേടിച്ചിട്ടല്ല.

> 'പലരൊടൊരുവൻതാൻ കലഹമതു ചെയ്താൽ
> പലതരമപായം ഫലമറിക, രാജൻ'

എന്നല്ലേ സഞ്ജയന്റെ പഴയ 'ചങ്ങാതിയായ മിസ്റ്റർ വിദുരൻ പറഞ്ഞിരിക്കുന്നത്?

ഉദ്യോഗസ്ഥന്മാരേയോ മറ്റേതെങ്കിലും വർഗ്ഗക്കാരേയോ കുറിച്ചു പറയുമ്പോഴും ഈ തകരാറുണ്ട്; പക്ഷേ, മറ്റൊരു രൂപത്തിലാണ്. സമുദായങ്ങളുടെ കാര്യം പറയുമ്പോൾ സമുദായസ്പർധകൊണ്ടു പറയുന്നതാണെന്നു വിചാരിക്കുന്ന കൂട്ടർ, വർഗ്ഗങ്ങളെപ്പറ്റി പറയുമ്പോൾ വ്യക്തിമാത്സര്യംകൊണ്ടു പറയുന്നതാണെന്നും വിചാരിക്കും. സഞ്ജയനെ ശപിക്കുന്ന കമ്മീഷണർമാരുണ്ട്; ചേർമാന്മാരുണ്ട്; സന്ന്യാസിമാരുണ്ട്; സ്കൂൾ മാനേജർമാരുണ്ട്; മജിസ്ട്രേട്ടെജമാനന്മാരുണ്ട്; ഹെൽത്താപ്പീസർമാരുണ്ട്; കൊതുകുകളുണ്ട്; ബഹുമതികൾ സിദ്ധിച്ച രാജാക്കന്മാരുണ്ട്; മഹാകവികളാകുവാൻ വേണ്ടി തല കിഴക്കാംതൂക്കമായി നില്ക്കുന്ന ചില്ലറക്കവികളുണ്ട്; വിവാഹമംഗളക്കാരുണ്ട്; വിദ്യു ച്ഛക്തിക്കാരുണ്ട്, പാഠപുസ്തകകാരന്മാരുണ്ട്; പാഠ്യപുസ്തകക്കമ്മിറ്റിക്കാരുണ്ട്; ആലോല നീലമിഴിമാരുണ്ട്; (എന്തൊരു സംഘം)

> 'വീരഭദ്രൻ പണ്ടു ദക്ഷനെക്കൊല്ലുവാൻ'

വീറോടുകൂടിയിരുന്നതുപോലെയിരിക്കുന്ന ഒരു കൗൺസിലധ്യക്ഷനുമുണ്ട്. അദ്ദേഹത്തിന്റെ കൂടെ സഞ്ജയൻ ഒരു രാത്രി ഉറങ്ങിയെങ്കിൽ, പിറ്റേ ദിവസത്തേക്കു തിരുമനസ്സിലെ വിധേയൻ ചങ്ങലംപരണ്ട അംശദേശത്തു 'പാറപ്പുറത്ത് സഞ്ജയൻ' പരേതനായ ശ്രീമാനായിപ്പോകും. ' നിര്യാതന്റെ ആത്മാവിന്, കേരളപത്രികയും അവളുടെ മാന്യസഹജീവികളും 'നിത്യശാന്തി'യെ പ്രാർത്ഥിക്കുമായിരിക്കും. സഞ്ജയന്റെ യുക്തിവാദികളായ സ്നേഹിതന്മാർ പരിണാമച്ചങ്ങലയിലെ ഒരു കണ്ണികൂടെ തെറിച്ചുപോയതോർത്ത്, അവരുടെ അഭിപ്രായപ്രകാരം ഇല്ലെന്നല്ലെങ്കിലും ഉണ്ടെന്നില്ലാത്ത ദൈവത്തോട് ഒന്നും പ്രാർത്ഥിക്കാതിരിക്കും. സന്തോഷത്തിൽ മതിമറന്ന വനിതാലോകം കൈകൊട്ടിക്കളി നടത്തും, 'എന്റെ ഭാഗ്യം, യജമാനനേ, എന്റെ ഭാഗ്യം!' എന്നു പറഞ്ഞ് ഓരോ കച്ചട്ടിസ്വാമിയും കളഭം ചാർത്തൽ കഴിപ്പിക്കും; കൊതുകുകൾ 'മുനിസിപാലിറ്റി കീ ജേയ്! എന്ന് ആർത്തുവിളിച്ചുംകൊണ്ടു കാഹള മൂതിപ്പറക്കും.

സഞ്ജയനെ കൗൺസിലധ്യക്ഷൻ സിദ്ധുകൂട്ടിയാൽ ആരും വ്യസനിക്കുകയില്ലേ? എന്നു തിരുമേനി ചോദിക്കും. വ്യസനിക്കും. ചങ്ങലംപരണ്ടയിലെ 'ടോട്ടൽ' നിവാസികളിൽ ഒന്നര ഡസൻ പേർ ഒന്നര മണിക്കൂറു വീതം വ്യസനിക്കും; ഒന്നര മാസത്തോളം വ്യസനിക്കുന്നുണ്ടെന്നു വിശ്വസിക്കും; ഒന്നരക്കൊല്ലത്തോളം വ്യസനിക്കുന്നുണ്ടെന്നു പറയും. പിന്നീട് സഞ്ജയൻ 'വൺസപ്പോണെ ടൈ'മായി.

> 'പുരാ വിശ്രവസഃ പുത്രോ രാവണോ
> നാമ രാക്ഷസഃ ആസിൽ...'

എന്നു പറഞ്ഞ കവി മേപ്പടി 'രാവണോനാമ'നെക്കുറിച്ചു കണ്ണിൽ വെള്ളം നിറച്ചുകൊണ്ടാണോ എഴുതിയത്? യുക്തിവാദിയെപ്പോലെ: ഞാൻ വിശ്വസിക്കുന്നില്ല തിരുമേനീ, എനിക്കു വിശ്വസിപ്പാൻ കഴിയുന്നില്ല.

വിഷയം, സമർഥനായ വൈദ്യൻ ചികിത്സിക്കുന്ന രോഗത്തെപ്പോലെ, ഒരു സ്ഥലത്തെ കമ്മീഷണർ മറ്റൊരു സ്ഥലത്തേക്കെന്നപോലെ, ഓന്തിന്റെ നിറംപോലെ, മന്ത്രവാദിയെക്കണ്ട ഗന്ധർവനെപ്പോലെ, ആഴ്വാഞ്ചേരിത്തമ്പ്രാക്കളുടെ മുൻപിൽ നിന്ന പാക്കനാരെപ്പോലെ, മാറിപ്പോകുന്നു. ഉദ്യോഗസ്ഥന്മാരേയോ, മറ്റു ഗ്രൂപ്പുകളേയോ കുറിച്ച് എഴുതിയാലും മുഷിയുന്നവരും, മുഖം തിരിക്കുന്നവരും, പല്ലു കടിക്കുന്നവരും ഉണ്ടാകുമെന്നു പറഞ്ഞ സ്ഥലത്തുനിന്നാണ് സഞ്ജയൻ ലൈൻ മാറിപ്പോയത്. എന്നാലും സഞ്ജയൻ അതൊന്നും വകവെക്കാതെ കുറ്റമോ കുറവോ കണ്ടാൽ പറയാറുണ്ടെന്നാണ് സഞ്ജയനു ബോധിപ്പിക്കുവാനുള്ളത്.

> 'ബലികളൊടു വൈരം കരുതരുതു ധീമൻ!
> കലഹരമിതെല്ലാം പ്രണമത മുകുന്ദം!'

എന്നും മിസ്റ്റർ വിദുരൻ സഞ്ജയനോടല്ലെങ്കിലും, പറഞ്ഞിട്ടുമുണ്ട്. പക്ഷേ, അതു സഞ്ജയൻ വകവെച്ചില്ല. ഉണ്ടെന്ന് അവിടുന്നു വിചാരിക്കുന്നുണ്ടോ?

27-1-1935

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്ന വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പൂപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.